**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1198** **31-01-2024 - ൽ മറുപടിയ്ക്ക്**

**ഫോക്ക്‌ലോർ അക്കാദമിയുടെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് ഫോക്ക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (എ) | നാടൻകലകളെ പ്രോത്സാഹിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ ഫോക്ക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു:<br><br>1. അന്യംനിന്നു പോകുന്ന നാടൻകലകൾ പുതിയ തലമുറയ്ക്ക് പകർന്നു കൊടുക്കുന്നതിന് വേണ്ടി നാടൻകല അഭ്യസിക്കുന്ന 10 വയസ്സു മുതൽ 17 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക്, പ്രതിമാസം 300 രൂപ സ്റ്റൈപ്പന്റ് ഒരു വർഷത്തേക്ക് നൽകുന്നുണ്ട്.<br><br>2. വിവിധ നാടൻ നാട്ടുകലകളിൽ പ്രാവീണ്യം നേടിയ കലാകാരന്മാർക്ക് പ്രതിവർഷം പുരസ്കാരങ്ങൾ നൽകുന്നുണ്ട്.<br><br>3. ഒരു വർഷത്തിൽ 100ൽ കുറയാത്ത കലാസംഘങ്ങൾക്ക് ഗ്രാമങ്ങളിലെ വായനശാലകളിൽ/ക്ലബുകളിൽ പരിപാടി അവതരിപ്പിക്കാൻ അക്കാദമി ചെലവിൽ അവസരം നൽകിവരുന്നു. അതിന്റെ ഭാഗമായി 1500ൽ അധികം കലാകാരന്മാർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നു.<br><br>4. നാടൻകലാരംഗത്ത് പ്രവർത്തിക്കുന്ന രോഗം മൂലം അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് ചികിത്സാസഹായം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ